ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം
പ്രാദേശിക വാർത്തകൾ

TIME: 12.30 PM DATE: 26.03.2026

## പ്രധാനവാർത്തകൾ

1. പശ്ചിമേഷ്യൻ സംഘർഷം സംബന്ധിച്ച സർവകക്ഷി യോഗത്തിൽ പ്രതിപക്ഷ പാർട്ടികൾ സർക്കാരിന് പൂർണ്ണ പിന്തുണ ഉറപ്പുനൽകിയതായി കേന്ദ്ര മന്ത്രി കിരൺ റിജിജു.
2. എൽപിജി ചാർജ്, ഇന്ധനച്ചെലവ് തുടങ്ങിയവയുടെ പേരിൽ ഉപഭോക്താക്കളിൽനിന്ന് അധിക തുക ഈടാക്കരുതെന്ന് ഹോട്ടലുകൾക്കും റെസ്റ്റോറന്റുകൾക്കും കേന്ദ്ര നിർദ്ദേശം.
3. സംസ്ഥാനത്ത് നിയമസഭാ തിരഞ്ഞെടുപ്പിന്റെ സ്ഥാനാർഥി ചിത്രം ഇന്ന് വ്യക്തമാകും; നാമനിർദേശ പത്രിക പിൻവലിക്കാനുള്ള സമയ പരിധി ഉച്ചകഴിഞ്ഞ് 3 മണിയോടെ അവസാനിക്കും.
4. തിരഞ്ഞെടുപ്പ് പ്രചാരണം ഉച്ചസ്ഥായിയിൽ; മൂന്ന് മുന്നണികളുടെയും മുതിർന്ന നേതാക്കൾ പ്രചാരണ രംഗത്ത്.
5. സംസ്ഥാനത്ത് താപനില ഉയരുന്നു. അൾട്രാവയലറ്റ് സൂചിക ഉയർന്നതിനാൽ ജാഗ്രത പാലിക്കണമെന്ന് ദുരന്ത നിവാരണ അതോറിട്ടി.

RNU TVM

6. സാഫ് അണ്ടർ-20 ഫുട്ബോൾ ചാമ്പ്യൻഷിപ്പിൽ, ഇന്ന് ഇന്ത്യ പാകിസ്ഥാൻ പോരാട്ടം.

## സർവ്വകക്ഷിയോഗം

പശ്ചിമേഷ്യൻ സംഘർഷം സംബന്ധിച്ച സർവകക്ഷി യോഗത്തിൽ പ്രതിപക്ഷ പാർട്ടികൾ സർക്കാരിന് പൂർണ്ണ പിന്തുണ ഉറപ്പുനൽകിയതായി കേന്ദ്ര പാർലമെന്ററി കാര്യ മന്ത്രി കിരൺ റിജിജു. പ്രതിപക്ഷത്തിന്റെ എല്ലാ ചോദ്യങ്ങളും ആശങ്കകളും പരിഹരിച്ചതായും അദ്ദേഹം പറഞ്ഞു. ഇന്നലെ ന്യൂഡൽഹിയിൽ രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിങിന്റെ അധ്യക്ഷതയിലായിരുന്നു യോഗം.

RNU TVPM

## ഇറാൻ അമേരിക്ക

പശ്ചിമേഷ്യൻ സംഘർഷം തുടരുന്നു; വെടിനിർത്തൽ ശ്രമങ്ങൾക്കായുള്ള അമേരിക്കയുടെ പതിനഞ്ച് നിർദ്ദേശം ഇറാൻ നിരസിച്ചു. പകരം ഇറാൻ അഞ്ച് നിർദേശങ്ങൾ മുന്നോട്ടു വച്ചു. വിഷയത്തിൽ ചർച്ച തുടരുമെന്ന് വൈറ്റ് ഹൗസ് അറിയിച്ചു.

## പശ്ചിമേഷ്യ കേന്ദ്രസർക്കാർ

രാജ്യത്ത് മതിയായ അളവിൽ ക്രൂഡ് ഓയിൽ ശേഖരമുണ്ടെന്നും 26 കോടി ടൺ അസംസ്കൃത എണ്ണ ശുദ്ധീകരിക്കാൻ ശേഷിയുണ്ടെന്നും കേന്ദ്രസർക്കാർ. കിംവദന്തികളിൽ വിശ്വസിക്കരുതെന്നും പരിഭ്രാന്തി വേണ്ടെന്നും സർക്കാർ അഭ്യർത്ഥിച്ചു. പെട്രോൾ––ഡീസൽ വിലയിൽ വർധന ഉണ്ടായിട്ടില്ലെന്ന് പെട്രോളിയം, പ്രകൃതിവാതക മന്ത്രാലയം ജോയിന്റ് സെക്രട്ടറി സുജാത ശർമ്മ അറിയിച്ചു.

RNU TVPM

## ഉപഭോക്തൃ സംരക്ഷണ അതോറിറ്റി

എൽപിജി ചാർജ്, ഇന്ധനച്ചെലവ് തുടങ്ങിയവയുടെ പേരിൽ ഉപഭോക്താക്കളിൽനിന്ന് അധിക തുക ഈടാക്കരുതെന്ന് കേന്ദ്ര ഉപഭോക്തൃ സംരക്ഷണ അതോറിറ്റി ഹോട്ടലുകൾക്കും റെസ്റ്റോറന്റുകൾക്കും നിർദ്ദേശം നൽകി. ഉപഭോക്താക്കളുടെ താൽപര്യങ്ങൾ സംരക്ഷിക്കപ്പെടണമെന്നും നിയമലംഘനം ഉചിതമായി

കൈകാര്യം ചെയ്യുമെന്നും അതോറിറ്റി അറിയിച്ചു. 1 9 1 5 എന്ന നമ്പറിൽ വിളിച്ചോ, NCH മൊബൈൽ ആപ്പ് വഴിയോ, ഇ--ജാഗ്രിതി പോർട്ടൽ വഴിയോ ഉപഭോക്താക്കൾക്ക് പരാതി നൽകാം.

❁❁❁❁❁❁❁❁❁❁❁❁❁

**എൽപിജി–കേരളം**

പശ്ചിമേഷ്യൻ

സംഘർഷത്തിൻറെ പശ്ചാത്തലത്തിൽ, കേരളത്തിൽ എൽപിജി ഉപഭോക്താക്കൾക്കായി നിർദേശങ്ങൾ പുറത്തിറക്കി. കേന്ദ്ര നിർദേശത്തിന്റെ അടിസ്ഥാനത്തിലാണ് നടപടി. കരിഞ്ചന്ത, അധിക വില ഈടാക്കൽ എന്നിവ ശ്രദ്ധയിൽപ്പെട്ടാൽ അറിയിക്കാൻ ജില്ലകളിൽ നമ്പറുകളും സജ്ജമാക്കിയിട്ടുണ്ട്. എൽപിജി വിതരണവുമായി ബന്ധപ്പെട്ട നടപടികൾ ഏകോപിപ്പിക്കുന്നതിനും നിർദ്ദേശങ്ങൾ നൽകുന്നതിനുമായി ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ സമിതി രൂപീകരിച്ചു.

RNU TVPM

❁❁❁❁❁❁❁❁❁❁❁❁❁

**നാമനിർദ്ദേശ പത്രിക (ഇൻട്രോ)**

കേരളം, അസം, പുതുച്ചേരി എന്നിവിടങ്ങളിലെ നിയമസഭാ തിരഞ്ഞെടുപ്പിനും നാല് സംസ്ഥാനങ്ങളിലെ ഉപതിരഞ്ഞെടുപ്പിനുമുള്ള നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന പൂർത്തിയായി. ഇവിടെ, നാമനിർദേശ പത്രികകൾ പിൻവലിക്കുന്നതിനുള്ള സമയ പരിധി ഇന്ന് ഉച്ചകഴിഞ്ഞ് 3 മണിയോടെ അവസാനിക്കും. മൽസര രംഗത്തെ കുറിച്ചുള്ള കൃത്യമായ ചിത്രം ഇന്ന് വ്യക്തമാകും. അടുത്തമാസം 9 നാണ് വോട്ടെടുപ്പ്. വോട്ടെണ്ണൽ മെയ് നാലിന്.

***കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി........***

***(വോയിസ്)***

RNU TVPM

**തിരഞ്ഞെടുപ്പ് പ്രചാരണം**

സംസ്ഥാനത്ത് നിയമസഭാ തിരഞ്ഞെടുപ്പിനുള്ള പ്രചാരണം ഉച്ചസ്ഥായിയിൽ. എൽഡിഎഫ് സ്ഥാനാർഥികളുടെ പ്രചാരണത്തിന്റെ ഭാഗമായി മുഖ്യമന്ത്രിയും മുതിർന്ന സിപിഐഎം നേതാവുമായ പിണറായി വിജയന്റെ എറണാകുളം ജില്ലയിലെ പര്യടനം തുടരുന്നു. നാളെ അദ്ദേഹം തൃശ്ശൂരിൽ വിവിധ തിരഞ്ഞെടുപ്പ് പരിപാടികളിൽ

പങ്കെടുക്കും. പ്രധാനമന്ത്രിയും ബിജെപി മുതിർന്ന നേതാവുമായ നരേന്ദ്ര മോദി ഞായറാഴ്ച തൃശ്ശൂരും പാലക്കാടും പ്രചാരണത്തിനെത്തും. കേന്ദ്ര സഹമന്ത്രിയും ബിജെപി നേതാവുമായ സുരേഷ്ഗോപി ഇന്ന് കോഴിക്കോട് ബേപ്പൂർ മണ്ഡലത്തിൽ റോഡ് ഷോയിൽ പങ്കെടുക്കും. എ.ഐ.സി.സി. ജനറൽ സെക്രട്ടറി കെ.സി. വേണുഗോപാൽ എം.പി. ഇന്ന് കണ്ണൂർ ജില്ലയിൽ യു.ഡി.എഫിന്റെ തിരഞ്ഞെടുപ്പ് പ്രചാരണ പരിപാടികളിൽ പങ്കെടുക്കും. UDF പ്രചരണാർത്ഥം കോൺഗ്രസ് ദേശീയ നേതാവ് സച്ചിൻ പൈലറ്റും സംസ്ഥാനത്തുണ്ട്.

RNU TVPM

**ഇടുക്കി (ഇൻട്രോ)**

സംസ്ഥാനത്തെ ഏക ഗോത്രവർഗ്ഗ പഞ്ചായത്തായ ഇടമലക്കുടിയിൽ വോട്ടെടുപ്പിനുള്ള ഒരുക്കങ്ങൾ ആരംഭിച്ചു. വന്യമൃഗശല്യവും നെറ്റ്‌വർക്ക് പരിമിതികളും കണക്കിലെടുത്ത് വിപുലമായ സജ്ജീകരണങ്ങളാണ് ഒരുക്കുന്നത്.

***കൂടുതൽ വിവരങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ.......***

***(വോയിസ്)***

## കേരള പോലീസ്

നിയമസഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പ്രധാനമന്ത്രിയെയും കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷനെയും കുറിച്ച് തെറ്റിദ്ധരിപ്പിക്കുന്നതും അപകീർത്തികരവുമായ രീതിയിൽ സമൂഹ മാധ്യമമായ എക്സിൽ പ്രചരിച്ച AI വീഡിയോയ്ക്കെതിരെ നടപടിയെടുത്ത് കേരള പോലീസ്. ഭരണഘടനാ സ്ഥാപനങ്ങളുടെ വിശ്വാസ്യത തകർക്കാനും സ്വതന്ത്രവും നീതിയുക്തവുമായ തിരഞ്ഞെടുപ്പിനെ ബാധിക്കാനുമുള്ള സാധ്യത കണക്കിലെടുത്താണ് നടപടി.

## ആലപ്പുഴ-ഇലക്ഷൻ

കായംകുളം മണ്ഡലത്തിലെ സ്ഥാനാർഥി യു പ്രതിഭക്കെതിരെയുണ്ടായ അധിക്ഷേപകരമായ പരാമർശത്തിൽ കേസെടുക്കാൻ ജില്ലാ കളക്ടർ പൊലീസിന് നിർദേശം നൽകി. മാതൃകാപെരുമാറ്റച്ചട്ട ലംഘനം ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്നാണ് നടപടി. വിഷയത്തിലെ മാധ്യമ വാർത്തകളും സമൂഹ മാധ്യമ പോസ്റ്റുകളും പരിശോധിച്ച ശേഷമാണു തീരുമാനം.

PNUTVPM

**മൻ കി ബാത്ത്**

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്ത് ഈ മാസം 29 ന്. പരിപാടിയുടെ 132 -ആം പതിപ്പാണിത്. മൻ കി ബാത്തിലേക്കുള്ള ആശയങ്ങളും നിർദേശങ്ങളും MYGOV NaMo ആപ്പ് എന്നിവയിലൂടെയോ 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലോ നാളെ വരെ അറിയിക്കാം.

RNU TVPM

**തീ പിടുത്തം**

എറണാകുളം ആലുവയ്ക്കടുത്ത് എടയാറിൽ വൻ തീ പിടുത്തം. ഓയിൽ കമ്പനിയിലെ ബോയിലറിനാണ് തീ പിടിച്ചത്. ബോയിലർ നിർത്തിവയ്ക്കാൻ ശ്രമിക്കുന്നതിനിടെ തൊഴിലാളി പൊള്ളലെറ്റ് മരിച്ചു. ബിനാനിപുരം പോലിസ് തുടർനടപടികൾ ആരംഭിച്ചു.

**താപനില**

സംസ്ഥാനത്ത് താപനില ഉയരുന്നു. ഉയർന്ന അൾട്രാവയലറ്റ് സൂചിക രേഖപ്പെടുത്തുന്നതിനാൽ

പൊതുജനങ്ങൾ സുരക്ഷാ മുൻകരുതലുകൾ സ്വീകരിക്കണമെന്ന് സംസ്ഥാന ദുരന്ത നിവാരണ അതോറിട്ടി നിർദേശം നൽകി. പകൽ 10 മണി മുതൽ 3 മണി വരെയുള്ള സമയത്ത് ശരീരത്തിൽ നേരിട്ട് സൂര്യപ്രകാശം ഏൽക്കുന്നത് പരമാവധി ഒഴിവാക്കണം. പുറത്തേക്ക് ഇറങ്ങുമ്പോൾ തൊപ്പി, കുട, സൺഗ്ലാസ് എന്നിവ ഉപയോഗിക്കണമെന്നും നിർദേശം.

❁❁❁❁❁❁❁❁❁❁❁❁❁

**പാലക്കാട് (ഇൻട്രോ)**

പാലക്കാട് ജില്ലയിൽ പകൽ താപനില ക്രമതീതമായി ഉയരുന്ന സാഹചര്യത്തിൽ ജാഗ്രത വേണമെന്ന് അധികൃതർ നിർദ്ദേശം നൽകി.

***വിശദാംശങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്.....***

***(വോയിസ്)***

RIU TVPM

❁❁❁❁❁❁❁❁❁❁❁❁❁

**സാഫ് ഫുട്ബോൾ**

സാഫ് അണ്ടർ-20 ഫുട്ബോൾ ചാമ്പ്യൻഷിപ്പിൽ, ഇന്ത്യയുടെ പുരുഷ ടീം ഇന്നിറങ്ങും. മാലെയിൽ നടക്കുന്ന മത്സരത്തിൽ പാകിസ്ഥാനാണ് എതിരാളികൾ. ശനിയാഴ്ച

രണ്ടാം മത്സരത്തിൽ ഇന്ത്യ ബംഗ്ലാദേശിനെ നേരിടും. ഗ്രൂപ്പ് ഘട്ടത്തിൽ രണ്ട് മത്സരങ്ങൾ മാത്രമുള്ളതിനാൽ, ഇന്ത്യയ്ക്ക് സെമിഫൈനലിൽ സ്ഥാനം ഉറപ്പാക്കാൻ ജയം അനിവാര്യമാണ്.

❁❁❁❁❁❁❁❁❁❁❁❁❁

**ഇ.എ രാജേന്ദ്രൻ**

പ്രശസ്ത നടനും സംവിധായകനുമായ ഇ.എ രാജേന്ദ്രൻ അന്തരിച്ചു. കൊല്ലം പട്ടത്താനത്തെ വസതിയിൽ ആയിരുന്നു അന്ത്യം. നടനും എംഎൽഎയുമായ എം.മുകേഷിൻ്റെ സഹോദരി ഭർത്താവാണ്. സംസ്കാരം നാളെ ജന്മനാടായ തൃശൂർ തൃത്തല്ലൂരിൽ നടക്കും. നിര്യാണത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ അനുശോചിച്ചു.

RNUTVPM

❁❁❁❁❁❁❁❁❁❁❁❁❁

**സ്വാതി തിരുനാൾ സംഗീതോത്സവം**

ആകാശവാണി തിരുവനന്തപുരം നിലയത്തിന്റെ ഈ വർഷത്തെ ശ്രീ സ്വാതി തിരുനാൾ സംഗീതോത്സവം ഇന്ന് സമാപിക്കും. ഇന്ന് ഡോ. ആനയടി സി. ധനലക്ഷ്മി അവതരിപ്പിക്കുന്ന സംഗീതക്കച്ചേരി നടക്കും.

തിരുവനന്തപുരം സ്വാതി തിരുനാൾ സംഗീത കോളേജിലാണ് പരിപാടി.

**പത്തനംതിട്ട - തെരുവുനായ**

പത്തനംതിട്ട കോന്നിയിൽ തെരുവുനായ ആക്രമണത്തിൽ നാലു പേർക്ക് പരിക്ക്. വള്ളിക്കോടിന്റെ വിവിധ ഭാഗങ്ങളിലായിരുന്നു തെരുവു നായയുടെ ആക്രമണമുണ്ടായത്. നായയെ പിന്നീട് ചത്ത നിലയിൽ കണ്ടെത്തി.

RNU TVPM

**സ്വർണ്ണ വില**

സ്വർണ്ണ വില കുറഞ്ഞു. പവന് 480 രൂപ കുറഞ്ഞ് ഒരു ലക്ഷത്തി 7,720 രൂപയും ഗ്രാമിന് 13,465 രൂപയുമാണ് ഇന്നത്തെ വില.

**പാണക്കാട് തങ്ങൾ**

മുസ്ലിം ലീഗ് സംസ്ഥാന അധ്യക്ഷൻ പാണക്കാട് സാദിഖലി ശിഹാബ് തങ്ങൾക്കെതിരെ സമൂഹമാധ്യമത്തിൽ അപകീർത്തികരമായ പോസ്റ്റ് ഇട്ട കേസിലെ പ്രതിയെ തിരിച്ചറിഞ്ഞു. കാപ്പാ കേസ് പ്രതിയും പെരിന്തൽമണ്ണ

സ്വദേശിയുമായ മുഹമ്മദ് റോഷൻ ആണ് സംഭവത്തിന് പിന്നിൽ. ഇയാൾക്കായി അന്വേഷണം ഊർജ്ജിതമാക്കി.

RNU TVPM